# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1633 11.08.17 ൽ മറുപടിയ്ക്ക്

**മോട്ടോർ വാഹന വകുപ്പിലെ ഓൺലൈൻ സേവനങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. സ്വരാജ്<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.പി.ടി.എ. റഹീം<br>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ | | ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | മോട്ടോർ വാഹന വകുപ്പിൽ നിലവിൽ എന്തെല്ലാം സേവനങ്ങളാണ് ഓൺലൈനിൽ ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | മോട്ടോർ വാഹന വകുപ്പിൽ ചുവടെ പറയുന്ന ഓൺ ലൈൻ സേവനങ്ങൾ നൽകുന്നു.<br>1. പുതിയ ലേണേഴ്സ് ലൈസൻസ്.<br>2. ലൈസൻസ് പർട്ടിക്കുലേഴ്സ്.<br>3. ഡ്രൈവിംഗ് ലൈസൻസിൽ അഡ്രസ്സ് മാറ്റുവാൻ.<br>4. പുതിയ ബാഡ്ജ്.<br>5. അഡീഷണൽ ഓഫ് ക്ലാസ്സ് ഡ്രൈവിംഗ് ലൈസൻസ്.<br>6. ഡ്യൂപ്ലിക്കേറ്റ് ഡ്രൈവിംഗ് ലൈസൻസ്.<br>7. ലൈസൻസ് പുതുക്കൽ.<br>8. ഡ്രൈവിംഗ് ലൈസൻസ് മാറ്റുന്നതിന്(മറ്റു സംസ്ഥാനങ്ങൾ).<br>9. ഇന്റർ നാഷണൽ ഡ്രൈവിംഗ് പെർമിറ്റിനുള്ള അപേക്ഷ.<br>10. ആർ. സി. പർട്ടിക്കുലേഴ്സ്.<br>11. ഡ്യൂപ്ലിക്കേറ്റ് ആർ. സി.<br>12. ആർ. സി. യിൽ അഡ്രസ്സ് മാറ്റുന്നതിന്.<br>13. രജിസ്ട്രേഷൻ പുതുക്കുന്നതിന്.<br>14. എൻഡോഴ്സ് ഓഫ് ഹൈപ്പോത്തിക്കേഷൻ.<br>15. ക്യാൻസൽ ഓഫ് ഹൈപ്പോത്തിക്കേഷൻ.<br>16. ട്രാൻസ്ഫർ ഓഫ് ഓണർഷിപ്പ്.<br>17. നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്.<br>18. റീ അസൈൻമെന്റ്.<br>19. ബുക്കിംഗ് ഓഫ് സി.എഫ്. ടെസ്റ്റ് തീയതി. |

| | | | |
|---|---|---|---|
| (ബി) | പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ ഡ്രൈവിംഗ് ലൈസൻസ്, വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ തുടങ്ങിയവ ഓൺലൈൻ വഴി ലഭ്യമാകുന്നുണ്ടോ; | (ബി) | പൊതുജനങ്ങൾക്ക് മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റിലൂടെ ഡ്രൈവിംഗ് ലൈസൻസ്, വാഹന രജിസ്ട്രേഷൻ തുടങ്ങിയ സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷ നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ലൈസൻസ് സ്മാർട്ട് കാർഡ് രീതിയിലാക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഡ്രൈവിംഗ് ലൈസൻസ് സ്മാർട്ട് കാർഡ് ആയിട്ട് നൽകുന്നതുമായി ബന്ധപ്പെട്ടുള്ള 08.02.2017 - ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം.8/2017/ഗതാ പ്രകാരം മോട്ടോർ വാഹന വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. എന്നാൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഒരു കേസ് നിലവിലുണ്ട്. |
| (ഡി) | ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിൽ മോട്ടോർ വാഹന വകുപ്പിന്റെ സേവനങ്ങൾ നിർത്തിവെച്ചത് പുനരാരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ? | (ഡി) | ജനബാഹുല്യം കൂടിയ ജില്ലകളായ തിരുവനന്തപുരം, എറണാകുളം, മലപ്പുറം, കോഴിക്കോട് എന്നിവിടങ്ങളിൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രം മുഖേനയുള്ള മോട്ടോർ വാഹന വകുപ്പിന്റെ സേവനങ്ങൾ പുനരാരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**